Roll Number

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |

**Code No: 09/IS/012**

# INDIAN SCHOOL, AL GHUBRA

## MOCK – II [2009]

## CLASS: X – MALAYALAM

## മലയാളം

***Time allowed: 3 hrs*** — ***M.Marks: 100***

*അനുവദിച്ച സമയം: 3 മണിക്കൂർ* — *ആകെ മാർക്ക്: 100*

***General Instructions:***

- Please check that this question paper contains 4 printed pages.
- Code number given on the right hand side of the question paper should be written on the title page of the answer-book by the candidate.
- Please check that this question paper contains 5 questions.
- Please write down the serial number of the question before attempting it.

### എ വിഭാഗം

**1.** (a) പര്യായം എഴുതുക — 1

വഴി

(b) വിപരീതപദം എഴുതുക — 1

(1) അസ്തമയം
(2) മടി

(c) നാനാർത്ഥമെഴുതുക — 1

താപം

(d) അർത്ഥവ്യത്യാസമെഴുതുക — 1

ഭംഗുരം – അങ്കുരം

(e) പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക — 4

(1) തിരക്കുഴി
(2) മരുവുന്നു
(3) ഇരിപ്പിടങ്ങൾ
(4) ഉപകാരോപനിഷത്ത്

(f) വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക — 4

(1) പൂർണരൂപം
(2) കൗരവസമാജം
(3) നിർദോഷം
(4) അർണോജനേത്രൻ

(P.T.O)

(g) പ്രയോഗം മാറ്റുക 2

(1) ബഷീർ ഭാവനയ്ക്ക് അനുരൂപമായ കഥാപാത്രങ്ങളെ സൃഷ്ടിച്ചു.

(2) ചെറുശ്ശേരി നമ്പൂതിരി ഭാഗവതത്തിലെ ശുഷ്കഭാഗങ്ങളെ മാംസളവും സുഭഗവുമാക്കിയിരിക്കുന്നു.

(h) അർത്ഥവ്യത്യാസം വരാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കി മാറ്റുക. 2

(1) മനസ്സിനെ ലഹരിപിടിപ്പിക്കുന്ന മനോഭാവങ്ങളിൽ നിന്നുള്ള മോചനത്തെയും ഇത് സൂചിപ്പിക്കുന്നു.

(2) എല്ലാം ഭഗവദർപ്പണമായിക്കാണാൻ വെമ്പുന്ന കവി, വെറും ശബ്ദംകൊണ്ടുതന്നെ വായനക്കാരെ ആനന്ദസ്തബ്ധരാക്കാൻ ശക്തനാണ്.

(i) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക 2

കാവ്യത്തിൻെറ ആദ്യത്തിലും അവസാനത്തിലും ചേർത്ത വിനയപ്രകടനങ്ങൾ കവിയുടെ സ്വയം ആത്മവിശ്വാസത്തിൻെറയും അഭിമാനത്തിൻെറയും ബാഹ്യമായ പുറന്തോടുകൾ മാത്രമാണ്.

(j) അംഗവാക്യം അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക 2

ദേവേന്ദ്രൻ പുത്രസ്നേഹം മൂലം ആ രംഗം കാണാൻ വന്നപ്പോൾ സൂര്യൻ തൻെറ അരികേ വന്നുകൂടിയ മേഘങ്ങളെ മുടിച്ചുവിട്ടു.

**2**. (a) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് മൂന്നു പുറത്തിൽ കവിയാതെ ഉപന്യസിക്കുക: 10

(1) പാശ്ചാത്യസംസ്കാരവും യുവതലമുറയും

(2) പരിസരമലിനീകരണം

(3) വിദ്യാഭ്യാസത്തിൽ വാർത്താമാധ്യമങ്ങൾക്കുള്ള പ്രാധാന്യം

(b) യുവജനോത്സവത്തിൽ സംഭവിച്ച അപാകങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് സ്കൂൾ കലാസമിതി പ്രസിഡൻെറന്ന നിലയ്ക്ക് വിദ്യാഭ്യാസമന്ത്രിക്ക് ഒരു കത്തു തയ്യാറാക്കുക. 10

(c) താഴെ കൊടുത്തിട്ടുള്ള ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

സൂര്യനിൽനിന്ന് അനന്തമായി പ്രവഹിക്കുന്ന താപോർജം ഭൂമിയിൽ വന്നു തട്ടി വായുവിലൂടെ തിരിച്ചു ബാഹ്യാന്തരീക്ഷത്തിലേക്കു മടങ്ങുന്ന സങ്കീർണ്ണമായ വ്യവസ്ഥയാണു ജീവൻെറ നിലനിൽപിന് ആധാരം. ഈ

(P.T.O)

വായുക്കളുടെ ശീതോഷ്ണാവസ്ഥയുടെ സന്തുലിതഭാവമാണ് ഇന്ന് അപകടഘട്ടത്തിലെത്തിയിരിക്കുന്നത്. കൽക്കരി, എണ്ണ, വാതകം, വിറക് എന്നിവയുടെ നിരന്തരമായ കത്തിക്കൽ നിമിത്തം കാർബൺഡയോക്സൈഡ് അമിതമായ തോതിൽ വായുമണ്ഡലത്തിലേക്കു വിസർജിക്കപ്പെടുന്നു. കൂടാതെ വമ്പിച്ച തോതിലുള്ള വനദഹനം, രാസവ്യവസായങ്ങൾ കോടാനുകോടി വാഹനങ്ങൾ തുടങ്ങി ജനകോടികളുടെ ഉച്ഛ്വാസം വരെ ഈ തോതു വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നു. 1987 ൽ ആമസോണിയയിൽ കൃഷിക്കും കാലിമേയ്ക്കലിനും വികസനത്തിനുമായി അഞ്ചുകോടി പത്തുലക്ഷം ഏക്കർ വനം ചുട്ടെരിക്കപ്പെട്ടു. ആറുമാസം നീണ്ടുനിന്ന ഈ ദഹനഫലമായി അറുപത്തിരണ്ടു ദശലക്ഷം ടൺ കാർബൺഡയോക്സൈഡു വാതകം വായുവിൽ കലർന്നു എന്നു ശാസ്ത്രജ്ഞന്മാർ കണക്കാക്കിയിരിക്കുന്നു. വായുവിന്റെ ശുദ്ധീകരണപ്രക്രിയ നിരന്തരവും നിയതവുമായി നടത്തിക്കൊണ്ടിരുന്നത് ഭൂമിയുടെ പച്ചപ്പാണ്. കാടും മരങ്ങളും ചെടികളും പുൽനാമ്പുകളും വരെ ഈ വിഷച്ചൂടിനെയാകെ ശുദ്ധീകരിക്കുന്നു. അമിതമായ വ്യവസായവത്കരണത്തിന്റെയും ജനപ്പെരുപ്പത്തിന്റെയും ഫലമായി ഈ കാർബൺഡയോക്സൈഡു പുറത്തുവരുന്നതിന്റെ തോത് അനുനിമിഷം ഉയർന്നു. പച്ചപ്പിന്റെ തോത് അനുനിമിഷം കുറഞ്ഞും വന്നു. വായു ശുദ്ധീകരണത്തിന്റെ, ശീതോഷ്ണാവസ്ഥാക്രമീകരണത്തിന്റെ, താളം ഇക്കാരണങ്ങളാൽ തെറ്റിത്തുടങ്ങിയിരിക്കുന്നു.

(1) എന്താണ് ഇന്ന് അപകടത്തിലായിരിക്കുന്നത്? 2

(2) കാർബൺ ഡയോക്സൈഡ് വായുവിൽ കലരുന്നത് എവിടെ നിന്നാണ്? 2

(3) വായുവിന്റെ ശുദ്ധീകരണം എങ്ങനെയാണു നടന്നിരുന്നത്? 2

(4) ആമസോണിയയിൽ വനം ചുട്ടെരിച്ചതെന്തിന്? 2

(5) ഈ ഖണ്ഡികയ്ക്ക് ഉചിതമായ ഒരു ശീർഷകം നൽകുക. 2

## ബി വിഭാഗം

**3.** (a) "ക്ഷത്രിയന്മാർക്കു ബലമാണു മേന്മ; യുദ്ധമാണു വേല" –

(i). ആരുടെ വാക്കുകൾ ? ആരോടാണിങ്ങനെ പറഞ്ഞത് ? 1

(ii). സന്ദർഭവും ആശയവും വിശദമാക്കുക. 3

(b) ചെറുശ്ശേരിയുടെ ജീവിതദർശനം കൃഷ്ണഗാഥയിൽ വർണിക്കുന്നത് ഏതു വിധത്തിലാണ് ? 4

(c) പപ്പു സ്റ്റേഷനിലേക്കു പോയപ്പോൾ തെരുവിലുള്ളവർ പറഞ്ഞതെന്തെല്ലാം? 4

(P.T.O)

(d) ജീവിതത്തിലെ ദയനീയങ്ങളായ വിപര്യയങ്ങളാണ് ബാല്യകാലസഖിയിലെ പ്രതിപാദ്യവസ്തുവെന്ന് എം. പി. പോൾ സമർത്ഥിക്കുന്നതെങ്ങനെ ? 4

(e) 1920–ലെ തിരുനാളാഘോഷവേളയിൽ ശ്രീനാരായണഗുരു പ്രസിദ്ധപ്പെടുത്തിയ സന്ദേശങ്ങളിൽ ആദ്യത്തേത് ഏത് ? ആ സന്ദേശം ഏതു സാഹചര്യത്തിൻെറ നേർക്കുള്ള പ്രതികരണമായിരുന്നു. 4

**4.** (a) 'പ്രേമസംഗീതം' എന്ന കവിത രചിച്ചതാര് ? ഏതു സമാഹാരത്തിലുള്ള കവിതയാണിത് ? ദ്വേഷത്തെ കവി എന്തൊക്കെയായി കൽപിച്ചിരിക്കുന്നു ? 4

(b) "ചന്ദ്രശേഖരനുടെ പള്ളിവിൽ കണ്ടു രാമ
ചന്ദ്രനുമാനന്ദമുൾക്കൊണ്ടു വന്ദിച്ചീടിനാൻ" –
ആശയം, അലങ്കാരം തുടങ്ങിയവ വ്യക്തമാക്കുക. 4

(c) പെങ്ങളുടെ ചുണ്ടിൽ കുസൃതിക്കുനുചിരി ഉണ്ടാകാൻ കാരണമെന്ത് ? 4

(d) പുതുവഴി വെട്ടുന്നവരെ യഥാർത്ഥത്തിൽ സമൂഹം ആദരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുണ്ടോ ? 4

(e) "വായനയില്ലാതായില്ലെന്നതിലെഴുതിയിരിക്കുന്നു." – ഈ വരികളിൽ പ്രകടമാകുന്ന ആശയമെന്ത് ? 4

**5.** 'മൃതസഞ്ജീവനി' എന്ന പേര് ഈ കൃതിക്ക് എത്രമാത്രം യോജിച്ചതാണെന്നു വിലയിരുത്തുക.

*(അല്ലെങ്കിൽ)*

''ഒരു പുതിയ ആശയം മനസ്സിൽ മിന്നിത്തെളിയുമ്പോൾ ശാസ്ത്രജ്ഞനുണ്ടാകുന്ന വികാരാവേശം എത്രമാത്രം അളവറ്റതാണെന്ന് അപ്പുവിൻെറ കഥ നമ്മെ പഠിപ്പിക്കുന്നു.'' – ഈ അഭിപ്രായം പരിശോധിക്കുക. 10

■